11412
8/9/15

# കേരള സർക്കാർ

## സംഗ്രഹം

സാമൂഹ്യനീതിവകുപ്പ്-കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷനിലെ കമ്പ്യൂട്ടർ ഓപ്പറേറ്റർ ശ്രീമതി.എൽ.രേണുകയ്ക്ക് വാർഷിക ഇൻക്രിമെന്റ് അനുവദിച്ച നടപടിയ്ക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

സാമൂഹ്യനീതി (ഡി)വകുപ്പ്

സ.ഉ(ആർ.റ്റി)നം.555/2015/സാ.നീതി.വ      തിരുവനന്തപുരം, തീയതി 3.9.2015

പരാമർശം-
1. 29.1.2004 തീയതിയിലെ സ.ഉ(എം.എസ്)22/2004/സാ.ക്ഷേ.വ നമ്പർ ഉത്തരവ്
2. 15.5.2012 ലെ 157-ാമത് ഡയറക്ടർ ബോർഡ് യോഗ തീരുമാനം
3. 7.10.2014 ലെ വികലാംഗക്ഷേമ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 1245/എ 1/2014/വി.ക്ഷേ.കോ നമ്പർ കത്ത്.

### ഉത്തരവ്

പരാമർശം 1 ലെ ഉത്തരവ് പ്രകാരം ശ്രീമതി.എൽ.രേണുകയെ കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷനിൽ 13.4.2004 മുതൽ കമ്പ്യൂട്ടർ ഓപ്പറേറ്ററായി നിയമിച്ചു. എന്നാൽ ഭരണപരമായ കാലതാമസം കാരണം ടിയാൾക്ക് വാർഷിക ഇൻക്രിമെന്റ് നൽകാത്തതിനാൽ പരാമർശം രണ്ടിലെ ഡയറക്ടർ ബോർഡ് യോഗം തീരുമാന പ്രകാരം ടിയാൾക്ക് വാർഷിക ഇൻക്രിമെന്റ് നൽകി. ഇപ്രകാരം ശ്രീമതി.എൽ.രേണുകയ്ക്ക് വാർഷിക ഇൻക്രിമെന്റ് അനുവദിച്ച കോർപ്പറേഷന്റെ നടപടിയ്ക്ക് സാധൂകരണം നൽകണമെന്ന് പരാമർശം 3 കത്തു പ്രകാരം വികലാംഗക്ഷേമ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷനിലെ കമ്പ്യൂട്ടർ ഓപ്പറേറ്ററായ ശ്രീമതി.എൽ രേണുകയ്ക്ക് വാർഷിക ഇൻക്രിമെന്റ് അനുവദിച്ച കോർപ്പറേഷന്റെ നടപടിയ്ക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

കെ.എം.ലീലാമണി
അഡീഷണൽ സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ, പൂജപ്പുര, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ),കേരള, തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, ജില്ലാ ട്രഷറി, തിരുവനന്തപുരം
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ്(വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ